3. ഫാറസ്റ്റർ ലോഴ്സിനു് മെട്രിക്കുലേഷൻ സ്റ്റാൻഡേർഡും ഡിപ്പാർട്ടുമെൻറിൽ സർവ്വീസുമുള്ള ഫാറസ്റ്ററന്മാർ. അതേ പരീക്ഷായോഗ്യതയും മുന്നുകൊല്ലം ഡിപ്പാർട്ടുമെൻറിൽ സർവ്വീസുള്ള ഗാർഡുകളും. ഡിപ്പാർട്ടുമെൻറിൽ മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ അപേക്ഷിക്കാതിരുന്നാൽ മെട്രിക്കുലേഷൻ സ്റ്റാൻഡേർഡ് ഉള്ളവരെ വെളിയിൽനിന്നും എടുക്കാവുന്നതാണു്.

ഭവനനിർമ്മാണം.

453. [29] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറ്റിൽമെൻറ് സ്കീം അനുസരിച്ചു് ഗവണ്മെൻറിൽ നിന്നു് ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടു്;

(ബി) എവിടെയെല്ലാം എത്ര വീടുകൾ വീതം;

(സി) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽ പൊയ്യയിൽ നിന്നും കരുവന്നൂർ നിന്നും ഈ സ്കീം അനുസരിച്ചു് ഭവനങ്ങൾ നിർമ്മിച്ചു കിട്ടുന്നതിനു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) അതിൽ എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 528.

(ബി)

കാവാലം, പുളിംകുന്നു്	160.
ഹാർവ്വീപുരം, പേരൂർക്കട	175.
ബാർട്ടൻഹിൽ, തിരുവനന്തപുരം	138.
പാകോടു്, വിളവംകോടു്	5.
മംഗലാപുരം, മുരുക്കുംപുഴ	7.
കോട്ടയം	1.
വൈക്കം	1.
അടിമലത്തുറ, നെയ്യാറിൻകര	15.
ചിറമഠം, തോവാള	26.
ആകെ	528.

(സി) ഉണ്ടു്;

(ഡി) 1. പൊയ്യയിൽനിന്നും 781-ാംനമ്പർ പൊയ്യ കർഷക സഹകരണസംഘം ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കു് അപേക്ഷിച്ചതനുസരിച്ചു് പൊന്നംവില കൊടുക്കേണ്ടതായ വസ്തുവിന്റെ വിവരങ്ങൾ തഹശീൽദാരിൽനിന്നും വരുത്തിയിട്ടുണ്ടു്. എന്നാൽ സംഘത്തിന്റെ ഓഹരിമൂലധനത്തെയും, പ്രവർത്തനങ്ങളെയും മറ്റും പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിലേയ്ക്കു് വേണ്ട അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു;

2. പുമംഗലം പടന്ന യുവജനസംഘത്തിന്റെ അപേക്ഷപ്രകാരം കുടിപാർപ്പു പദ്ധതി നടപ്പിൽ വരുത്തുന്നതിലേയ്ക്കു് അന്വേഷണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയതിന്റെ ഫലമായി പൂമംഗലം പഞ്ചായത്തിൽ സർവ്വെ നമ്പർ 154/1-ൽ നിന്നും 2 ഏക്കർ വസ്തു പൊന്നുംവിലയ്ക്കെടുക്കുന്നതിനു് നടപടി നടന്നുകൊണ്ടിരിക്കുകയാണു്.

കരുവന്നൂരിൽനിന്നും അപേക്ഷകർ ആവശ്യപ്പെട്ട സ്ഥലങ്ങൾ കൂടി പാർപ്പുപദ്ധതിക്കു് ഏറ്റെടുക്കുവാൻ യോജിച്ചതല്ലെന്നു കാണുകയാൽ ഉടൻതന്നെ അന്വേഷണങ്ങൾ നിറുത്തിവച്ചു.

കാർഷിക കോളേജു്.

454. [31] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കുന്ന കാർഷിക കോളേജിനു് എന്തു ചെലവുവരും ; സ്ഥലത്തിനെത്ര ; കെട്ടിടത്തിനെത്ര ;

(ബി) കോളേജിന്റെ മറ്റു ചെലവുകൾക്കു് എന്തു ചെലവു പ്രതീക്ഷിക്കുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പുതുതായി ആരംഭിക്കുന്ന കാർഷിക കോളേജിനുവേണ്ടി എടുത്തിട്ടുള്ള സ്ഥലത്തിന്റെയും, കെട്ടിടത്തിന്റെയും വിലനിർണ്ണയം പൂർത്തിയായിട്ടില്ല ;

(ബി) ഇനം തിരിച്ചുള്ള ചെലവു കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല. എങ്കിലും സ്ഥലം, കെട്ടിടം ഇവയ്ക്കു വേണ്ടിവരുന്ന തുകയുൾപ്പെടെ ഈയാണ്ടിൽ ഇരുപതു ലക്ഷം രൂപ മൊത്തം ചെലവു വരുമെന്നു് പ്രതീക്ഷിക്കുന്നു. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ മുപ്പതുലക്ഷം രൂപ കൊള്ളിക്കുന്നതിനു് ശുപാർശ ചെയ്തിട്ടുണ്ടു്.

ആശുപത്രികളിലെ അഴിമതികൾ.

455. [32] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇന്നു് ആശുപത്രികളിൽ കാണുന്ന അഴിമതികൾ പരിഹരിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ആശുപത്രികളിൽ അഴിമതികൾ നടക്കുന്നതായി അറിവു കിട്ടിയാൽ ഉടൻതന്നെ അന്വേഷണം നടത്തി അവയെ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നുണ്ടു്. പ്രത്യേക പദ്ധതികളൊന്നും ഇക്കാര്യത്തിൽ ഗവണ്മെന്റു് സ്വീകരിച്ചിട്ടില്ല ;

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly